## 1124

1 പരമാനന്ദമനുഭവിപ്പാൻ വരുവിൻ നരരേ! വിരഞ്ഞോടി നിങ്ങൾ

2 പരമോന്നതനേശുവിതാ! അരികിൽ വരുവാനുരചെ-യ്തിടുന്നു

3 പരിശുദ്ധാമാമീ വചനം ഒരു കാലത്തിലും വരികില്ല ഭേദം-

4 അരികിൽ വരുമാരെയുമേ പിരിയാതെയെന്നും കരുതിടുമവൻ-

5 പരമോന്നത വാക്യമിതാ ശരിയായ് നിന്നോടി-ന്നുരചെയ്തിടുന്നു

6 തിരുസന്നിധി ചേർന്നു നിന്റെ പരമാർത്ഥമെല്ലാം പറഞ്ഞിടുക നീ-

7 ഒരു മാത്രയും പാർത്തിടാതെ വെറുത്തേറ്റു പറഞ്ഞൊഴിഞ്ഞിടു പാപം-

8 തിരുച്ചോരകൊണ്ടാശു നിന്റെ പെരിയതാം പാപം കഴുകിടുമവൻ-

**T.J.V.**